ചെറുകിട വ്യവസായങ്ങൾക്ക് സബ്സിഡി

22 (*581) ശ്രീ. കെ.സി. ജോസഫ് :
ശ്രീ. എം. മുരളി :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. പി.ജെ. ജോയി :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമാണ്;

(ബി) പുതുതായി ആരംഭിക്കുന്ന ചെറുകിട വ്യവസായങ്ങൾക്ക് സബ്സിഡി നൽകുന്നുണ്ടോ;

(സി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ച എത്ര ചെറുകിട വ്യവസായ സംരംഭകർക്ക് എന്തു തുക സബ്സിഡി നൽകിയെന്ന് പറയുമോ;

(ഡി) സബ്സിഡിക്കു വേണ്ടിയുള്ള എത്ര അപേക്ഷകൾ ഇപ്പോൾ പെൻഡിംഗ് ആയിട്ടുണ്ട്; ഇവയുടെ കാലപ്പഴക്കം എത്രയാണെന്ന് അറിയിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) സംസ്ഥാനത്ത് ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ വ്യവസായ സംരംഭകർക്ക് പരിശീലനം, സാങ്കേതിക വ്യാപനത്തിനായി സബ്സിഡി, വ്യവസായ യൂണിറ്റുകളുടെ സ്ഥിരമൂലധന നിക്ഷേപത്തിന് സബ്സിഡി, മാലിന്യ നിയന്ത്രണ ഉപകരണങ്ങളും ജനറേറ്ററും സ്ഥാപിക്കുന്നതിന് സബ്സിഡി, പുതുതായി ആരംഭിക്കുന്ന യൂണിറ്റുകൾക്ക് മാർജിൻമണി വായ്പ തുടങ്ങിയവ നൽകിവരുന്നു. കൂടാതെ വ്യവസായ നടത്തിപ്പിനു വേണ്ടി സ്ഥലവും കെട്ടിടവും വികസിപ്പിച്ചെടുത്ത് സൗജന്യനിരക്കിൽ നൽകുന്നുണ്ട്. സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന ചെറുകിട വ്യവസായ ഉൽപ്പന്നങ്ങൾക്ക് പ്രൈസ് പ്രിഫറൻസും സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ വിപണന ടെൻഡറുകളിൽ പങ്കെടുക്കുന്നതിന് ഇ.എം.ഡി/സെക്യൂരിറ്റി ഡെപ്പോസിറ്റിൽ ഇളവും നൽകുന്നുണ്ട്. ഇതു കൂടാതെ വനിതാ വ്യവസായ പദ്ധതി പ്രകാരം ആരംഭിക്കുന്ന യൂണിറ്റുകൾക്കും സഹകരണ മേഖലയിലും കരകൗശല മേഖലയിലും ആരംഭിക്കുന്ന യൂണിറ്റുകൾക്കും സർക്കാർ ചില പ്രത്യേക ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ ക്ലിയറൻസുകൾ എളുപ്പം ലഭ്യമാക്കുന്നതിന് ജില്ലകൾതോറും ഗ്രീൻചാനൽ കമ്മിറ്റികളും പ്രവർത്തിക്കുന്നുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ സംരംഭകർക്ക് പലിശരഹിത വായ്പയും ലളിതമായ പലിശ നിരക്കിൽ സർക്കാർ വായ്പയും നൽകുന്നുണ്ട്. ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് സിഡ്കോ സഹായം നൽകിവരുന്നു. റോമെറ്റീരിയൽ ഡിപ്പോകൾ വഴി അസംസ്കൃത വസ്തുക്കളും യന്ത്രസാഗ്രികൾക്കാവശ്യമായ വിവിധതരം ഓയിലുകളും ചെറുകിട യൂണിറ്റുകൾക്ക് വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ നടപ്പാക്കിവരുന്നു. കൂടുതൽ വ്യവസായ പാർക്കുകൾ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമുള്ള പദ്ധതികളും നടപ്പാക്കി വരുന്നു.

(ബി) ഉണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2000-ഫെബ്രുവരി 29 വരെ 4398 വ്യവസായ സംരംഭകർക്കായി 50.80 കോടി രൂപ സബ്സിഡി നൽകിയിട്ടുണ്ട്.

(ഡി) സംസ്ഥാന നിക്ഷേപ സബ്സിഡിക്ക് ഒരു മാസം വരെ കാലപ്പഴക്കമുള്ള 88 അപേക്ഷകളും 6 മാസം വരെ കാലപ്പഴക്കമുള്ള 473 അപേക്ഷകളും 7 മുതൽ 12 മാസം വരെ കാലപ്പഴക്കമുള്ള 151 അപേക്ഷകളും ഒരു വർഷത്തിലേറെ പഴക്കമുള്ള 55 അപേക്ഷകളും ചേർത്ത് ആകെ 767 അപേക്ഷകൾ 2000 ജനുവരി 31 വരെ പെൻഡിംഗ് ആയിട്ടുണ്ട്.

ആരോഗ്യ സേവന പരിപാടികൾ

23 (*582) ശ്രീമതി റോസമ്മ ചാക്കോ :

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ സേവന പരിപാടികൾക്ക് ഗ്രാമ പഞ്ചായത്തുകൾ തുക വകയിരുത്താറുണ്ടോ;

(ബി) എങ്കിൽ വാർഷിക ബഡ്ജറ്റിന്റെ എത്ര ശതമാനം എന്ന് വ്യക്തമാക്കുമോ;

(സി) വനിതാ ക്ഷേമപരിപാടികൾക്ക് തുക വകയിരുത്താറുണ്ടോ; എങ്കിൽ എത്ര ശതമാനം;

(ഡി) പ്രസ്തുത ഇനങ്ങളിൽ തുക വകയിരുത്തുകയാണെങ്കിൽ വനിതകളുടെ ആരോഗ്യത്തിന് ഊന്നൽ നല്കി സേവനം അനുഷ്ഠിക്കുന്ന എം.എസ്.എസ്. പ്രവർത്തകർക്ക് അതിൽ നിന്ന് ഒരു നിശ്ചിത തുക പ്രതിമാസ ഓണറേറിയമായി നല്കാൻ നിർദ്ദേശം നല്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി):

(എ) ഉണ്ട്.

(ബി) ഓരോ പഞ്ചായത്തും വ്യത്യസ്ത രീതിയിലാണ് തുക വക കൊള്ളിക്കുന്നത്. പദ്ധതിയിനത്തിൽ പൊതുവായി സേവനമേഖലയ്ക്ക് തുക കൊള്ളിക്കാറുണ്ട്.

1998-99-ൽ ആരോഗ്യ സേവന പരിപാടികൾക്കായി വാർഷിക ബഡ്ജറ്റിന്റെ 1.83% തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് ഇൻ എയിഡ് നൽകിയിട്ടുണ്ട്.

(സി) ഉണ്ട്.

വാർഷിക പദ്ധതിയുടെ 10% വകയിരുത്താറുണ്ട്.

(ഡി) പദ്ധതി തുകയിൽ നിന്നും ഓണറേറിയം സ്ഥിരമായി നല്കാൻ കഴിയില്ല. മിക്കവാറും ഗ്രാമ പഞ്ചായത്തുകളുടെ ധനസ്ഥിതി മോശമായതിനാലാണ് ഇതിന് കഴിയാത്തത്.

LIBRARY ARCHIVES Kerala Legislative Assembly